# NATIONAL BULLETIN

DATE : 24.09.2025 TIME : 07.25 AM

## പ്രധാന വാർത്തകൾ

1) വേൾഡ് ഫുഡ് ഇന്ത്യ 2025 ന് നാളെ തുടക്കമാകും; പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്യും.

**World Food India 2025 to begin Tomorrow; Prime Minister Narendra Modi to inaugurate.**

2) മൊറോക്കയിലെ ടാറ്റ അഡ്വാൻസ്ഡ് സിസ്റ്റംസ് ലിമിറ്റഡിന്റെ പ്രതിരോധ നിർമാണ സംവിധാനം രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്ങും മൊറോക്കോ പ്രതിരോധ മന്ത്രിയും ചേർന്ന് ഉദ്ഘാടനം ചെയ്തു.

**Defence Minister Rajnath Singh and his Moroccan counterpart inaugurate India's first overseas defence manufacturing facility.**

3) ദീപാവലി, ഛഠ് ഉത്സവങ്ങളോടനുബന്ധിച്ച് പന്ത്രണ്ടായിരം പ്രത്യേക ട്രെയിനുകൾ സർവീസ് നടത്തുമെന്ന് റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ്.

**Railways to operate twelve thousand special trains during upcoming festivals; says Railway Minister Ashwini Vaishnaw.**

4) കേരളത്തിലെ നെൽ കർഷകരുടെ പ്രശ്നം പരിഹരിക്കുന്നതിനായി കേന്ദ്ര സംഘം ഇന്ന് ആലപ്പുഴ സന്ദർശിക്കും.

**A central team will visit Alappuzha today to address the issues faced by paddy farmers in Kerala.**

5) റഗാസ ചുഴലിക്കാറ്റിൻറെ പശ്ചാത്തലത്തിൽ മൂന്ന് ലക്ഷത്തി എഴുപതിനായിരത്തിലധികം ആളുകളെ ഒഴിപ്പിച്ച് ചൈന.

**In the wake of Cyclone Ragas, over 370,000 people have been evacuated in China.**

6) ഏഷ്യാ കപ്പ് ക്രിക്കറ്റിൽ ഇന്ന് ഇന്ത്യ- ബംഗ്ലാദേശ് പോരാട്ടം.

**In the Asia Cup cricket tournament, India will face Bangladesh today.**

****************************************

## RAJNATH SINGH – MOROCCAN

മൊറോക്കയിലെ ടാറ്റ അഡ്വാൻസ്ഡ് സിസ്റ്റംസ് ലിമിറ്റഡിന്റെ പ്രതിരോധ നിർമാണ സംവിധാനം രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്ങും മൊറോക്കോ പ്രതിരോധ മന്ത്രി അബ്ദുൾ ലത്തീഫ് ലസിയേയും ചേർന്ന് ഉദ്ഘാടനം ചെയ്തു. T.A.S.L നിർമിക്കുന്ന വാഹനങ്ങൾ അടുത്തമാസം റോയൽ മൊറോക്കൻ സേനയ്ക്ക് കൈമാറുമെന്ന് ശ്രീ രാജ്നാഥ് സിങ് പറഞ്ഞു. ആത്മനിർഭരത എന്നത് സ്വന്തം ആവശ്യങ്ങൾക്ക് വേണ്ടി മാത്രമല്ല ലോകത്തിന് വേണ്ടിയും

ഉയർന്ന ഗുണനിലവാരത്തിലും മികച്ച സാങ്കേതിക വിദ്യയിലും നിർമ്മിക്കുക എന്നതാണെന്നും ശ്രീ സിങ് അഭിപ്രായപ്പെട്ടു.

**************************************

## RAILWAY MINISTER

ദീപാവലി, ഛഠ് ഉത്സവങ്ങളോടനുബന്ധിച്ച് പന്ത്രണ്ടായിരം പ്രത്യേക ട്രെയിനുകൾ സർവീസ് നടത്തുമെന്ന് റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ്. അടുത്തമാസം 1 മുതൽ നവംബർ 15 വരെ പ്രത്യേക ട്രെയിനുകൾ സർവീസ് നടത്തുമെന്ന് ശ്രീ.വൈഷ്ണവ് പറഞ്ഞു. കഴിഞ്ഞ വർഷം 7,750 പ്രത്യേക ട്രെയിനുകൾ സർവീസ് നടത്തിയതായും കേന്ദ്രമന്ത്രി അറിയിച്ചു.

**************************************

## PHALKE AWARD

ദാദാ സാഹിബ് ഫാൽകെ പുരസ്കാരം രാഷ്ട്രപതി ദ്രൗപദി മുർമുവിൽ നിന്നും ഏറ്റുവാങ്ങി മലയാളത്തിൻെറ അഭിമാന താരം മോഹൻലാൽ. ന്യൂഡൽഹിയിലെ നടന്ന 71-ാമത് ദേശീയ ചലച്ചിത്ര അവാർഡ് വിതരണ ചടങ്ങിലാണ് പുരസ്കാരം സമ്മാനിച്ചത്. പുരസ്കാരം മലയാള സിനിമയ്ക്ക് സമർപ്പിക്കുന്നതായി മോഹൻലാൽ പറഞ്ഞു. രാഷ്ട്രപതി ദ്രൗപദി മുർമുവും കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവും മോഹൻലാലിനെ അഭിനന്ദിച്ചു.

**************************************

## NATIONAL FILM AWARD

മികച്ച നടനുള്ള ദേശീയ പുരസ്ക്കാരം ഷാരൂഖ് ഖാനും വിക്രാന്ത് മാസിയും, മികച്ച നടിക്കുള്ള പുരസ്ക്കാരം റാണി മുഖർജിയും ചടങ്ങിൽ ഏറ്റുവാങ്ങി. മലയാള

സിനിമയ്ക്ക് 5 പുരസ്കാരങ്ങളാണ് ലഭിച്ചത്. മികച്ച സഹനടനുള്ള പുരസ്കാരം വിജയരാഘവനും സഹനടിക്കുള്ള അവാർഡ് ഉർവശിയും മികച്ച മലയാള ചിത്രത്തിനുള്ള പുരസ്കാരം ഉള്ളൊഴുക്കിൻറെ സംവിധായകൻ ക്രിസ്റ്റോ ടോമി ഏറ്റുവാങ്ങി. മികച്ച എഡിറ്റിങ്ങിനുള്ള അവാർഡ് മിഥുൻ മുരളിയ്ക്കും നോൺഫീച്ചർ സിനിമാ വിഭാഗത്തിൽ എം കെ രാംദാസിനും പുരസ്കാരം സമ്മാനിച്ചു.

****************************************

## WORLD FOOD INDIA

വേൾഡ് ഫുഡ് ഇന്ത്യ 2025 നാളെ മുതൽ ഈ മാസം 28 വരെ ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ നടക്കും. പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്യും. 100 ലേറെ വിദേശ രാജ്യങ്ങളുടെ പ്രതിനിധികൾ പങ്കെടുക്കും. രാജ്യത്തിന്റെ ഭക്ഷ്യ സംസ്കാരം ലോകത്തിന് പരിചയപ്പെടുകയും മേഖലയിൽ കൂടുതൽ നിക്ഷേപം ആകർഷിക്കുകയുമാണ് പരിപാടിയുടെ ലക്ഷ്യമെന്ന് കേന്ദ്രമന്ത്രി ചിരാഗ് പാസ്വാൻ പറഞ്ഞു.

****************************************

## FOOD SUMMIT:NADDA (INTRO )

ജനങ്ങൾ കഴിക്കുന്ന ഭക്ഷണം സുരക്ഷിതവും ആരോഗ്യകരവുമാണെന്ന് ഉറപ്പാക്കാൻ ബഹുമുഖ സമീപനം ആവശ്യമാണെന്ന് കേന്ദ്ര മന്ത്രി ജെ.പി.നഡ്ഡ. ന്യൂഡൽഹിയിൽ നടന്ന ഗ്ലോബൽ ഫുഡ് റെഗുലേറ്റേഴ്സ് സമ്മിറ്റ് 2025 ൽ പങ്കെടുക്കുകയായിരുന്നു കേന്ദ്രമന്ത്രി. ഭക്ഷ്യ സുരക്ഷാ മാനദണ്ഡങ്ങൾ ഉയർത്തുന്നതിലും ആഗോള പുരോഗതിക്ക് സംഭാവന നൽകുന്നതിലും ഇന്ത്യയുടെ ഭക്ഷ്യ സുരക്ഷാ, നിലവാര അതോറിറ്റിയുടെ പങ്കിനെ ശ്രീ. നഡ്ഡ പ്രശംസിച്ചു.

(ഹോൾഡ് വോയിസ്)

*************************************

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്തിൻറെ 126-ാം പതിപ്പ് ഈ മാസം 28 ന് രാവിലെ 11 മണിക്ക്. ദൂരദർശന്റെയും ആകാശവാണിയുടെയും മുഴുവൻ ശൃംഖലകളിലും പരിപാടി ലഭ്യമായിരിക്കും. മൻ കി ബാത്തിലേക്കുള്ള ആശയങ്ങളും, അഭിപ്രായങ്ങളും 1800-11-7800 എന്ന ടോൾഫ്രീ നമ്പരിലൂടെയും, നരേന്ദ്രമോദി ആപ്പ്, MyGov ഓപ്പൺ ഫോറം എന്നിവയിലൂടെയും ഈ മാസം 26 വരെ പങ്കുവയ്ക്കാം.

*************************************

## GST REFORMS- HEALTHCARE

പുതു തലമുറ ജി.എസ്.ടി പരിഷ്കാരങ്ങളിലൂടെ ആരോഗ്യ മേഖലയിൽ സർക്കാർ ഗണ്യമായ നികുതി ഇളവുകളാണ് വരുത്തിയിട്ടുള്ളത്. ആരോഗ്യ, ലൈഫ് ഇൻഷുറൻസ് പ്രീമിയങ്ങളെ ജി.എസ്.ടിയിൽ നിന്നും ഒഴിവാക്കി. കാൻസർ, ഗുരുതരമായ വിട്ടുമാറാത്ത രോഗങ്ങൾ എന്നിവയ്ക്കുള്ള 33 ജീവൻ രക്ഷാ മരുന്നുകളുടെ നികുതിയും ഒഴിവാക്കിയിട്ടുണ്ട്. മെഡിക്കൽ ഉപകരണങ്ങളുടെ നികുതി 12 ശതമാനത്തിൽ നിന്ന് 5 ശതമാനമായി കുറച്ചു.

*************************************

## CENTRAL GROUP - ALAPPUZHA

കേരളത്തിലെ നെൽ കർഷകരുടെ പ്രശ്നം പരിഹരിക്കുന്നതിനായി കേന്ദ്ര കൃഷി മന്ത്രാലയം നിയോഗിച്ച വിദഗ്ദ്ധ സംഘം ആലപ്പുഴയിലെ ചേർത്തല, അന്ധകാരനഴി , കുട്ടനാട്, അപ്പർ കുട്ടനാട്, മേഖലകൾ ഇന്ന് സന്ദർശിക്കും.

കേന്ദ്ര കൃഷി വകുപ്പ് മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ കുട്ടനാട് സന്ദർശിക്കുന്നതിന് മുന്നോടിയായിട്ടാണ് ഏഴംഗ വിദഗ്ദ്ധ സംഘം എത്തുന്നത്.

***************************************

## SVACHATHAA HEE SEVA

സ്വച്ഛതാ ഹീ സേവ പ്രസ്ഥാനത്തിൽ അണിചേരാൻ രാജ്യത്തെ പൗരന്മാരോട് അഭ്യർത്ഥിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി. രാജ്യത്തെ ദശലക്ഷക്കണക്കിന് ജനങ്ങളെ ശുചീകരണ പ്രവർത്തനങ്ങളുടെ ഭാഗമാക്കുകയാണ് 15 ദിവസം നീളുന്ന പ്രചാരണത്തിലൂടെ ലക്ഷ്യമിടുന്നത്. ഈ മാസം 17 ന് ആരംഭിച്ച സ്വച്ഛതാ ഹി സേവ കാമ്പയിൻറെ ഒൻപതാം പതിപ്പ് ഒക്ടോബർ-2 ഗാന്ധി ജയന്തി ദിനത്തിലാണ് അവസാനിക്കുക.

***************************************

## SEVA PARV – THE SEMICONDUCTOR MISSION (INTRO)

പൊതുസേവനവും സദ്ഭരണവും മുഖമുദ്രയാക്കി കേന്ദ്ര സർക്കാർ കഴിഞ്ഞ 11 വർഷത്തിനിടെ സെമികണ്ടക്ടർ മിഷനിലൂടെ രാജ്യത്തിൻറെ ഭാവി രൂപപ്പെടുത്തുന്നതിനായി നടത്തിയ പ്രവർത്തനങ്ങളെ കുറിച്ചാണ് ആകാശവാണിയുടെ പ്രത്യേക പരമ്പരയായ 'സേവ പർവിൽ' ഇന്ന്.

(മ്യൂസിക്)

## SEVA PARV – THE SEMICONDUCTOR MISSION (VOICE)

(music )

ആധുനികഇലക്ട്രോണിക്സ് ഉപകരണങ്ങളുടെ തലച്ചോറുകളാ

യി പ്രവർത്തിപ്പിക്കാൻ

കഴിയുന്നവയാണ് സെമികണ്ടക്ടറുകൾ. 2021 ൽ ആണ് ഇന്ത്യ സെമികണ്ടക്ടർ മിഷൻ ആരംഭിച്ചത്. സെമികണ്ടക്ടർ ചിപ്പുകളെ ഡിജിറ്റൽ ഡയമണ്ട് എന്നാണ് പ്രധാനമന്ത്രി നരേന്ദ്ര മോദി വിശേഷിപ്പിച്ചത്.

**(PM VOICE)**

സെമികണ്ടക്ടർ, ഡിസ്‌പ്ലേ നിർമ്മാണത്തിന് 50% വരെ പിന്തുണ വാഗ്ദാനംചെയ്യുകൊണ്ട് സെമികണ്ടക്ടർ മിഷൻ 76,000 കോടി രൂപയുടെ സെമികോൺ ഇന്ത്യ പദ്ധതിയെ മുന്നോട്ടു നയിക്കുന്നു.

**(music )**

****************************************

## SWASTH NARI

സ്വസ്ഥ് നാരി സശക്ത് പരിവാർ അഭിയാനുമായി ബന്ധപ്പെട്ട് ഇന്ന് തിരുവനന്തപുരം വെള്ളനാട് ആരോഗ്യ ക്യാമ്പ് സംഘടിപ്പിക്കും. പരിപാടിയുടെ ഭാഗമായി സ്ത്രീകൾക്കും കൗമാരക്കാർക്കും ആരോഗ്യ സംരക്ഷണ അവബോധവും ആരോഗ്യ പരിശോധകളും നടത്തും.

****************************************

## KOLKATHA RAIN

കൊൽക്കത്തയിയിൽ കനത്ത മഴ തുടരുന്നു. നഗരത്തിന്റെ പലഭാഗങ്ങളിലും വെള്ളക്കെട്ട് രൂക്ഷമാണ്.

ശക്തമായ മഴയിൽ വൈദ്യുതാഘാതമേറ്റ് 9 പേർ മരിച്ചു. റോഡ് , റെയിൽ, മെട്രോ സർവീസുകൾ തടസപ്പെട്ടു. നിരവധി എക്സ്പ്രസ്, മെയിൽ ട്രെയിനുകൾ റദ്ദാക്കി. മലയോര മേഖലകളിലൊഴികെയുള്ള സ്കൂളുകൾക്ക് ഇന്ന് അവധി

പ്രഖ്യാപിച്ചു. മഹാരാഷ്ട്രയിലും കനത്ത മഴ തുടരുന്നു. ബീഡ്, സോലാപൂർ, അഹല്യ നഗർ ഉൾപ്പെടെയുള്ള ഇടങ്ങളിൽ ദേശീയ ദുരന്ത പ്രതികരണ സേനയെ വിന്യസിച്ചു.

***************************************

## TYPHOON- RAGASA

ഈ വർഷത്തെ ഏറ്റവും ശക്തമായ ചുഴലിക്കാറ്റായ റഗാസ, ചൈനയുടെ തെക്കൻ തീരത്തേക്ക് അടുക്കുന്ന പശ്ചാത്തലത്തിൽ, മൂന്ന് ലക്ഷത്തി എഴുപതിനായിരത്തിലധികം ആളുകളെ ഒഴിപ്പിച്ചു. 10 നഗരങ്ങളിലെ സ്കൂളുകളും വ്യവസായ സ്ഥാപനങ്ങളും അടച്ചിടാൻ ഉത്തരവിട്ടു. ഹോങ്കോംഗ് എയർലൈൻസ് എല്ലാ സർവീസുകളും നിർത്തിവച്ചു. മേഖലയിൽ അടിയന്തര ജാ ഗ്രതാനിർദ്ദേശവും നൽകിയിട്ടുണ്ട്.

***************************************

## CRICKET- ASIA CUP

ഏഷ്യാ കപ്പ് ക്രിക്കറ്റിൽ ശ്രീലങ്കക്കെതിരെ പാകിസ്ഥാന് 5 വിക്കറ്റ് ജയം. ഇന്നലെ നടന്ന മത്സരത്തിൽ ശ്രീലങ്ക മുന്നോട്ടുവച്ച 134 റൺസ് വിജയലക്ഷ്യം പിന്തുടർന്ന പാകിസ്ഥാൻ 18 ഓവറിൽ ലക്ഷ്യം നേടി. ഇന്ന് ദുബായിൽ നടക്കുന്ന മത്സരത്തിൽ ഇന്ത്യ ബംഗ്ലാദേശിനെ നേരിടും. രാത്രി 8 മണിക്കാണ് മത്സരം.

***************************************

## MANDAVIYA- PARA ATHLETICS

അന്താരാഷ്ട്ര കായിക ഇനങ്ങളുടെ കേന്ദ്രമായി ഇന്ത്യ മാറിയതായി കേന്ദ്ര യുവജന കായിക മന്ത്രി മൻസൂഖ് മാണ്ഡവ്യ. ന്യൂഡൽഹിയിൽ നടക്കാനിരിക്കുന്ന ലോക പാരാ

അത്ലറ്റിക്സ് ചാമ്പ്യൻഷിപ്പിൻറെ മുന്നൊരുക്കങ്ങൾ വിലയിരുത്തുകയായിരുന്നു അദ്ദേഹം. ടൂർണമെൻറ് നാളെ ആരംഭിക്കും.

****************************************

## DICKIE-BIRD

വിഖ്യാത അംപയർ ഹരോൾഡ് ഡിക്കി ബേർഡ് ഇംഗ്ലണ്ടിൽ

അന്തരിച്ചു. 92 വയസ്സായിരുന്നു. യോർക്ഷെയർ ക്രിക്കറ്റ് ക്ലബ്ബാണ് മരണവിവരം സ്ഥിരീകരിച്ചത്. 66 ടെസ്റ്റിലും 76

ഏകദിനത്തിലും ഏഴ് വനിതാ ഏകദിനത്തിലും അംപയർ ആയിരുന്നു. 93 ഫസ്റ്റ് ക്ലാസ് മത്സരങ്ങളിൽ കളിച്ചിട്ടുണ്ട്.

****************************************

## EARLY TRUMP-UNGA

ആഗോള സംഘർഷങ്ങളിൽ നടപടി എടുക്കുന്നതിൽ യു.എൻ പൊതുസഭയുടെ പ്രവർത്തനങ്ങളെ വിമർശിച്ച് യു.എസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ്. ഗാസയിലെ വെടിനിർത്തൽ ശ്രമങ്ങളിൽ താൻ സജീവമായി പങ്കെടുത്തിട്ടുണ്ടെന്നും ട്രംപ് പറഞ്ഞു. ഹമാസ് ബന്ദികളെ നിരുപാധികം മോചിപ്പിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. ചില രാജ്യങ്ങൾ പലസ്തിനിനെ അംഗീകരിച്ചതിനെ അമേരിക്കൻ പ്രസിഡന്റ് അപലപിച്ചു. നാറ്റോ രാജ്യങ്ങൾ റഷ്യയിൽ നിന്ന് ഊർജ്ജം വാങ്ങുന്നതിലൂടെ റഷ്യക്ക് ധനസഹായം ലഭിക്കുന്നുണ്ടെന്നും ട്രംപ് ആരോപിച്ചു. അതേസമയം - നാറ്റോയുടെയും അമേരിക്കയുടെയും സൈനിക പിന്തുണയോടെ റഷ്യയിൽ നിന്ന് തങ്ങളുടെ മുഴുവൻ പ്രദേശങ്ങളും തിരിച്ചുപിടിക്കാൻ യുക്രെന് സാധിക്കുമെന്ന് യുക്രെൻ പ്രസിഡന്റ്

വോളോഡിമർ സെലെൻസ്കിയുമായുള്ള ഉഭയകക്ഷി കൂടിക്കാഴ്ചയ്ക്ക് ശേഷം ട്രംപ് പറഞ്ഞു.

**************************************

## GEN Z PROTEST INQUIRY

ജൻ-സി പ്രതിഷേധത്തിനിടെയുണ്ടായ കലാപങ്ങളെക്കുറിച്ച് അന്വേഷിക്കാൻ ഉന്നതതല കമ്മീഷൻ രൂപീകരിച്ച് നേപ്പാളിലെ ഇടക്കാല സർക്കാർ. പ്രത്യേക കോടതിയുടെ മുൻ അധ്യക്ഷ ഗൗരി ബഹാദൂർ കർക്കിയാണ് അന്വേഷണ കമ്മീഷനെ നയിക്കുന്നത്.

**************************************

## NAVARATHRI- PM

നവരാത്രിയുടെ മൂന്നാം ദിവസമായ ഇന്ന് ഭക്തർ ദേവി ചന്ദ്രഘണ്ടയെ ആദരിക്കുന്നു. എല്ലാവർക്കും സന്തോഷവും സമാധാനവും ഉണ്ടാകട്ടെയെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി ആശംസിച്ചു.

**************************************

## SHIVRAJ-PULSES

ഉത്തർപ്രദേശിലും ഗുജറാത്തിലും പ്രധാന പയർവർഗ്ഗങ്ങളുടെയും എണ്ണക്കുരുക്കളുടെയും സംഭരണത്തിന് കേന്ദ്ര കൃഷിമന്ത്രി ശിവരാജ് സിംഗ് ചൗഹാൻ അംഗീകാരം നൽകി. ഇന്നലെ നടന്ന ഉന്നതതല യോഗത്തിൽ കേന്ദ്രമന്ത്രി വെർച്വലായി അധ്യക്ഷത വഹിച്ചു. മുഴുവൻ സംഭരണ പ്രക്രിയയും സുതാര്യവും ഡിജിറ്റൽ-കർഷക കേന്ദ്രീകൃതവുമായിരിക്കണമെന്നും അദ്ദേഹം നിർദേശിച്ചു. കർഷകരിൽ നിന്ന് ഉഴുന്നും തുവരയും പൂർണ്ണമായി സംഭരിക്കുന്നതിനും, നിലക്കടല, എള്ള്,

സോയാബീൻ എന്നിവ സംഭരിക്കുന്നതിനും കേന്ദ്രമന്ത്രി അനുമതി നൽകി.

************************************************************************

********